പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3483

25.06.2012 ൽ മറുപടിക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.പി. സജീന്ദ്രൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കു നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിയമം കൊണ്ടുവരുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എങ്കിൽ പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകളുടെ അന്തസ്സും സ്വകാര്യതയും നിയമപരമായി സംരക്ഷിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br><br>(സി) എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്; | (എ) മുതൽ (സി) വരെ സ്ത്രീസ്വകാര്യതാ സംരക്ഷണ നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |
| (ഡി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് മുൻപ് എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും അഭിപ്രായ ശേഖരണം നടത്തുമോ; വിശദമാക്കുമോ? | (ഡി) ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടേയും അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭമായി ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രതിനിധികളുടെ ഒരു യോഗം 06.06.2012 ന് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. |

സെക്ഷൻ ഓഫീസർ